[ശ്രീ. എ. സി. ഷൺമുഖദാസ്: മലബാർ യൂണിവേഴ്സിറ്റിയുടെ കാര്യം പോലെയാകുമോ?

[ശ്രീ. വി. എം. സുധീരൻ: അല്ല. ഇത് മെഡിക്കൽ കോളേജ് യൂണിവേഴ്സിറ്റിയാണ്, മറ്റു പല യൂണിവേഴ്സിറ്റികളും ഉണ്ട്. പക്ഷേ മെഡിക്കൽകോളേജ് യൂണിവേഴ്സിറ്റിയില്ല. ഇൻഡ്യയിൽത്തന്നെ രണ്ടോ മൂന്നോ മെഡിക്കൽ കോളേജുകളേയുള്ളു. ഇത് വളരെ [ശദ്ധയോടുകൂടി ചെയ്യേണ്ട കാര്യമാണ്, ഗവൺമെൻറ് ഒരു ഹോസ്പിറ്റിയായിട്ട് പോവുക അല്ല. അതുകൊണ്ടാണ് പറഞ്ഞത്, റിപ്പോർട്ട് വരട്ടെ, അത് കിട്ടി കഴിഞ്ഞാൽ എത്രയുംവേഗം ഇതുസംബന്ധിച്ച തീരുമാനം എടുക്കുന്നതാണ് എന്ന്. ഇക്കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണെന്ന വിവരം അങ്ങയേയും സഭയേയും അറിയിക്കുകയാണ്.

V. സബ്മിഷൻ

(1) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി തുടങ്ങിയ [പദേശങ്ങളിലെ വരൾച്ച

[ശ്രീ. ടി. ചാത്തു: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മുതലമട, എലവഞ്ചേരി, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിലെ നെൽ കൃഷി പൂർണ്ണമായും ഉണങ്ങിക്കഴിഞ്ഞിരിക്കുകയാണ്. പുതുനഗരം, കൊടുവായൂർ, പള്ളിച്ചാനം തുടങ്ങിയ പഞ്ചായത്തുകളിലും ഭാഗികമായി ഉണക്ക് ബാധിച്ചിട്ടുണ്ട്. ഇതുപോലെ വരൾച്ചയുള്ള [പദേശങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകില്ല. പന്ത്രണ്ട് വർഷക്കാലമായി ഇവിടത്തെ കർഷകരും തൊഴിലാളികളും പാവപ്പെട്ടവരുമായ വളരെയധികം ജനങ്ങൾ വരൾച്ചമൂലം [പയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പേരിൽ ഇപ്പോൾ നികുതിപിരിവ്, ബാങ്ക് ലോൺ, റിക്കവറി എന്നീ നടപടികളെല്ലാം വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നത് നികുതിപിരിവും ബാങ്ക്ലോൺ റിക്കവറിയും താൽക്കാലികമായി നിറുത്തിവയ്ക്കണമെന്നാണ്. ഇവിടത്തെ കൃഷിക്കാർക്ക് വിത്തും വളവും സൗജന്യമായി കൊടുക്കണം; കൂടുതൽ വികസന [പവർത്തനങ്ങൾ അവിടെ നടത്തണം. തൊഴിലില്ലാത്തതുകൊണ്ട് ആയിരക്കണക്കിന് കർഷകരും തൊഴിലാളികളും ഇന്ന് നാടുവിട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് തൊഴിൽ കിട്ടാനുതകത്തക്കവിധത്തിലുള്ള വികസന [പവർത്തനങ്ങൾ നടത്തി തൊഴിൽ കൊടുത്ത് സഹായിക്കണം. ഇ[പാവശ്യം വിത്തും വളവും ഇവർക്ക് സൗജന്യമായി കൊടുക്കുകയും നികുതി പിരിവും ബാങ്ക് ലോൺ റിക്കവറിയും നിറുത്തിവയ്ക്കുകയും ചെയ്യണം. ഇത് വളരെ [പധാനപ്പെട്ട കാര്യങ്ങളാണ്. അവിടെ കുടിവെള്ളം കിട്ടുന്നില്ല, അവിടത്തെ ജനങ്ങളാകെ പട്ടിണിയിലാണ്. അനവധി [പാവശ്യം ഗവൺമെൻറിനും ബന്ധപ്പെട്ട മന്ത്രിക്കും ഇതു സംബന്ധിച്ച് ഞാൻ നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പന്ത്രണ്ട് കൊല്ലക്കാലമായി വരൾച്ചയിൽ കിടക്കുന്ന ഒരു [പദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ഇതിനനുകൂലമായ നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശമാണ് പാലക്കാട്. അവിടത്തെ ജനങ്ങൾക്ക് നികുതിയിളവും മറ്റ് സഹായങ്ങളും നൽകണം എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളത്. കഴിയുന്നിടത്തോളം ഗവൺമെൻറ് അത് പരിഗണിക്കാം. ഇത്തരത്തിൽ കഠിനമായ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതാണ്. അങ്ങനെ പ്രഖ്യാപിക്കുകയാണെങ്കിൽ നബാർഡിൽനിന്നും മീഡിയം ടേം ലോണുകളെല്ലാം ഷോർട്ട് ടേം ലോണുകളാക്കി മാറ്റിക്കിട്ടുന്നതിന് കഴിയും. ഏതായാലും അത് പരിശോധിച്ച് നടപടി സ്വീകരിക്കാം. നികുതി പിരിവിനെ സംബന്ധിച്ച്, ഗവൺമെൻറിന് കിട്ടാനുള്ള കുടിശ്ശികയെ സംബന്ധിച്ച് വളരെ സൗമനസ്യപൂർവ്വമായ നിലപാട് സ്വീകരിക്കാം. കഴിയുന്നിടത്തോളം ഈസി ഇൻസ്റ്റാൾമെൻറ് കൊടുക്കാൻ നോക്കാം. സാധാരണഗതിയിൽത്തന്നെ ഈസി ഇൻസ്റ്റാൾമെൻറ് കൊടുക്കുന്നുണ്ട്, ഇതിന് പ്രത്യേകമായ പരിഗണന നൽകാം. അതുപോലെതന്നെ കുടിവെള്ളം കിട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇനിയും താൽപ്പര്യത്തോടുകൂടി മുൻഗണന കൊടുത്ത് നടപടി സ്വീകരിക്കാം. അവിടത്തെ കുഴൽകിണറുകളുടെ ആഴം കൂട്ടുന്നതിനും നന്നാക്കുന്നതിനും വേണ്ടി പതിനായിരം രൂപാ വീതം ഓരോ കിണറുകൾക്കും കൊടുക്കുവാൻ ജില്ലാകളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാണ്ട് 300 കുഴൽ കിണറുകൾ അവിടെ കേടായി കിടക്കുകയാണ്. അതുപോലെതന്നെ ലോറിയിൽ വെള്ളം കൊടുക്കാനുള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്. കേരള സംസ്ഥാനത്തുള്ള ഏതു പ്രദേശത്താണോ കൂടുതലായി വരൾച്ച ഉണ്ടായിട്ടുള്ളത് ആ പ്രദേശത്തിന് ഗവൺമെൻറ് പ്രത്യേക പരിഗണന നൽകുന്നതാണ്.

(2) വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. തമ്പാനൂർ രവി: സർ, പല തവണ ഈ സഭയിൽ ഉന്നയിച്ച കാര്യം ബഹുമാന്യനായ നിയമവകുപ്പുമന്ത്രിയുടെ മുൻപാകെ ഞാൻ വീണ്ടും അവതരിപ്പിക്കുകയാണ്. കേരളത്തിൽ ദീർഘകാലം നിയമവകുപ്പുമന്ത്രിയായിരുന്ന ആളാണല്ലോ അദ്ദേഹം. ബഹുമാന്യനായ സഭാദ്ധ്യക്ഷനും എം.എൽ.എ. ആയിരുന്ന സമയത്ത് ഇക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്, കേരളത്തിലെ വക്കീൽ ഗുമസ്തൻമാരായി ജോലി നോക്കിയിരുന്ന ആയിരകണക്കിന് ആളുകൾ അവരുടെ ഏക സംഘടനയായ കേരള അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ മുഖാന്തിരം പെൻഷൻ നടപ്പിലാക്കണമെന്നാവശ്യം നിരവധി വർഷങ്ങളായി ഉന്നയിക്കുകയാണ്. സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കാത്തവിധം ഈ പെൻഷൻ പദ്ധതി നടപ്പിലാക്കാനുള്ള ഒരു കരട് രൂപരേഖ അവരുടെ സംഘടന ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. വക്കീൽഗുമസ്തൻമാരുടെ സേവനം ജുഡീഷ്യറിയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരവും പൊതുജനങ്ങൾക്ക് അവരുടെ പ്രവൃത്തി ഒരു സേവനവുമാണ്. ഇവർ ചെയ്യുന്ന

10 a. m.]

LIBRARY ARCHIVES Kerala Legislative Assembly